(ഡി) വഴുതക്കാട്, തൈക്കാട്, ജഗതി എന്നീ നഗരസഭാ ഡിവിഷനുകളിൽ കൂടി കടന്നുപോകുന്ന തുറന്ന ഓടയിലേക്ക് മലിനജലം ഒഴുക്കിവിടുന്ന വീട്ടുകാർക്ക് ഡ്രെയിനേജ് കണക്ഷൻ നൽകി പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഓടയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുകയും കൊതുക് നശീകരണത്തിനായി പവർ സ്പ്രേയിംഗ്, ഫോഗിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്.

കോഴിക്കോട് നഗരത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പദ്ധതി

125 (523) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ഓവുചാലുകളിൽ കെട്ടിക്കിടക്കുന്ന മലിനജലവും ചെളിയും നീക്കം ചെയ്യുന്നതിന് കോർപ്പറേഷൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു.

1. കോഴിക്കോട് നഗരപരിധിയിലെ ഓടകൾ വൃത്തിയാക്കുന്നതിനായി 87 ശുചീകരണ തൊഴിലാളികളെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്.
2. ഓടകൾ ഫ്ളഷ് ചെയ്ത് വൃത്തിയാക്കുന്നതിനായി 2 ട്രാക്ടർ ഡ്രിവൺ ഫ്ളഷിംഗ് യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.
3. എല്ലാവർഷവും കാലവർഷം ആരംഭിക്കുന്നതിന് മുമ്പായി ഓടകളിലെ മണ്ണ് നീക്കം ചെയ്യാറുണ്ട്.
4. 2000 മാർച്ച്-മെയ് മാസങ്ങളിലാണ് മണ്ണ് മാറ്റൽ പ്രവൃത്തി നടത്തിയത്. ഈ പ്രവർത്തി പൊതുജനപങ്കാളിത്തത്തോടുകൂടിയാണ് നടത്തിയത്.

(സി) നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ ഈ വർഷം പൊതുജനപങ്കാളിത്തത്തോടുകൂടി ഓടകളിൽനിന്നും മണ്ണ് നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly